**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3211

13.03.2017 - ൽ മറുപടിക്ക്.

## തുറവൂർ ഗ്രാമപഞ്ചായത്തിലെ ഭവനശ്രീ വായ്പ പദ്ധതി

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഭവനശ്രീ വായ്പ പദ്ധതി പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മുഖേന വായ്പ എടുത്തവരുടെ വായ്പ കുടിശിക എഴുതിതള്ളിയിട്ടും ഈ പദ്ധതി പ്രകാരം തുറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും വായ്പ എടുത്ത 18 കുടുംബങ്ങളുടെ വായ്പ നാളിതുവരെയായി എഴുതിത്തള്ളിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തുറവൂർ ഗ്രാമപഞ്ചായത്തിൽ ഇൻഡ്യൻ ബാങ്ക് മുഖേന ഭവനശ്രീ വായ്പ ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും എടുത്തിട്ടുള്ള ഭവനശ്രീ വായ്പകളിൽ 144 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകിയിട്ടുണ്ട്. ഇനി 18 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകുവാനുണ്ട്. |
| (ബി) ഈ വായ്പ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ;<br><br>(സി) പ്രസ്തുത 18 കുടുംബങ്ങളുടെ ഭവനശ്രീ വായ്പ എഴുതി തള്ളുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) & (സി) തുറവൂർ ഗ്രാമപഞ്ചായത്തിലെ 18 ഗുണഭോക്താക്കളുടെ ഭവനശ്രീ വായ്പ എഴുതിതള്ളുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ